# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**അഗ്രിക്കൾച്ചറൽ റിസേർച്ച് സോൺ**

4631 ശ്രീ. വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇതിനായി അഗ്രിക്കൾച്ചറൽ റിസേർച്ച് സോൺ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രത്യേക മേഖലയ്ക്കുവേണ്ടി സ്പെഷ്യൽ സോണുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കാർഷിക രംഗത്തെ വളർച്ച**

4632 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാർഷിക രംഗത്തുള്ള വളർച്ച പ്രതീക്ഷിക്കുന്ന തരത്തിലുള്ളതാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ മറ്റ് സംസ്ഥാനങ്ങളിലെപോലെയുള്ള വളർച്ച ഉണ്ടാവാതിരിക്കുന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ;

(സി) കാർഷിക രംഗത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, ഉദ്യോഗസ്ഥരുടെ മനോഭാവം എന്നിവയിൽ കാലോചിതമായ മാറ്റം അനിവാര്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച ചർച്ചയും, വിശദമായ കാർഷികനയവും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഹൈടെക് ഫാമിംഗ്**

4633 ശ്രീ. ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് ഫാമിംഗ് രീതി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ആരോഗ്യത്തിന് ഹാനികരമല്ലാത്ത പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചു ഓരോ കുടുംബത്തിന്റെയും സ്വയംപര്യാപ്ത ലക്ഷ്യമിടുന്ന രീതിയിൽ പ്രസ്തുത രീതി പ്രയോജനപ്പെടുത്തുമോ;

(സി) സർക്കാർ-സ്വകാര്യ ഏജൻസികളുടെ സഹകരണം ഇതിനു വേണ്ടി ഉപയോഗപ്പെടുത്തുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### ദേശീയ ബയോഗ്യാസ് വികസന പരിപാടി

4634 ശ്രീ. എം. ചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, സാജുപോൾ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ബയോഗ്യാസ് വികസന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് 2011 -12 ൽ അനുവദിക്കപ്പെട്ട വിഹിതം എത്രയാണ്;

(ബി) ഈ പരിപാടി സംബന്ധിച്ച വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; വിവരങ്ങൾ വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ കീഴിൽ ഓരോ ഗുണഭോക്താവിനും സാമ്പത്തിക സഹായം നൽകിയിരുന്നുവോ;

(ഡി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയത് ഏതെങ്കിലും ഏജൻസികൾ മുഖേനയാണോ; വിശദമാക്കുമോ ?

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**<u>നഗരഹരിത പദ്ധതി</u>**

**4635 ശ്രീ. എം. വി. ശ്രേയാംസ് കുമാർ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. പി. സി. ജോർജ്**
**,, റോഷി അഗസ്റ്റിൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരഹരിത പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കുന്നതെന്നും, പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) നഗരഹരിത പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>കാർഷിക യന്ത്രങ്ങളുടെ ഫലപ്രദമായ ഉപയോഗം</u>**

**4636 ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വളർച്ചക്കായി ആധുനിക കാർഷിക യന്ത്രങ്ങളുടെ പലപ്രദമായ ഉപയോഗം കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) ഇത്തരം യന്ത്രങ്ങളെ സംബന്ധിച്ച ഒരു ബോധവൽക്കരണ പരിപാടി സംസ്ഥാനവ്യാപകമായി സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ ;

(സി) സർക്കാർ സബ്സിഡിയോടെ അർഹതയുള്ള കർഷകർക്ക് ഇവ ലഭ്യമാക്കുന്നതിന് സ്ഥിരം സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**കൃഷിയുടെ ആധുനികവല്‍ക്കരണം**

4637 **ശ്രീ. മുല്ലക്കര രത്നാകരന്‍**
**,, പി. തിലോത്തമന്‍**
**,, വി. ശശി**
**ശ്രീമതി ഇ. എസ്. ബിജിമോള്‍**

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

**കൃഷിയുടെ ആധുനികവല്‍ക്കരണത്തിലൂടെ നടപ്പാക്കുന്ന ഹൈടെക് കൃഷിക്കായി കൃഷിക്കാര്‍ക്ക് എന്തെല്ലാം സഹായങ്ങളാണ് എത്തിച്ചുകൊടുക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സീഡ് - വെൻഡിംഗ് മെഷീനുകൾ**

**4638 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സീഡ് - വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് മെഷീനുകൾ സ്ഥാപിക്കുന്നതെന്നും അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ഇങ്ങനെ വിതരണം ചെയ്യുന്ന വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഡി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും സീഡ് - വെൻഡിംഗ് മെഷീനുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**അന്യ സംസ്ഥാനങ്ങളില്‍ നിന്നും കേരളത്തിലേയ്ക്ക് വരുന്ന പഴം, പച്ചക്കറികള്‍**

**4639 ശ്രീ. ബാബു. എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) അന്യ സംസ്ഥാനങ്ങളില്‍ നിന്നും കേരളത്തിലേയ്ക്ക് വരുന്ന പഴം, പച്ചക്കറികള്‍ എന്നിവയില്‍ ശരീരത്തിന് ഹാനികരമാകും വിധത്തില്‍ കീടനാശിനിയുടെ അംശങ്ങള്‍ ഉണ്ട് എന്ന മാധ്യമ വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിശോധിച്ച് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങള്‍ ആണ് സംസ്ഥാനത്ത് നിലവിലുളളത്; വിശദാംശം വ്യക്തമാക്കുമോ ;

(സി) കീടനാശിനിയുടെ അംശം കൂടുതലായി കണ്ടെത്തുന്ന പച്ചക്കറികള്‍ അതിര്‍ത്തിയില്‍ നിന്നുതന്നെ തിരിച്ചയ യ്ക്കുന്നതിനുളള നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കില്‍ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**<u>പഴങ്ങളുടെ വിലക്രമാതീതമായി വർദ്ധിക്കുന്നത്</u>**

**4640**

**ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴങ്ങളുടെ വിലക്രമാതീതമായി കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011 മാർച്ച് - ഏപ്രിൽ മാസങ്ങളിൽ പ്രധാന പഴവർഗ്ഗങ്ങളായ ആപ്പിൾ, ഓറഞ്ച്, മുന്തിരി, പൈനാപ്പിൾ, മൈസൂർ പഴം, നേന്ത്രപ്പഴം എന്നിവയുടെ വിലയെത്രയായിരുന്നു; 2012 ൽ ഈ മാസങ്ങളിൽ വില എത്രയായിരുന്നു;

(ബി) പഴവർഗ്ഗങ്ങളുടെ വിലകയറ്റം തടയുന്നതിനും അവ സാധാരണക്കാർക്കുകൂടി വാങ്ങി ഭക്ഷിക്കുവാൻ കഴിയുന്നതരത്തിൽ വില നിയന്ത്രിച്ചു നിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങൾ</u>**

**4641** ശ്രീ. എം. എ. വാഹീദ്
,, എം. പി. വിൻസെന്റ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങൾ വിദേശത്ത് കയറ്റി അയക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട് ;

(ബി) പഴവർഗ്ഗങ്ങൾ സൂക്ഷിക്കുന്നതിന് ഗോഡൗണുകളും കോൾഡ് സ്റ്റോറേജുകളും പണിയുന്നകാര്യം ആലോചിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>'ഫലശ്രീ' പദ്ധതി</u>

4642 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം എത്ര പഞ്ചായത്തുകളിൽ സൗജന്യമായി വിത്തും വളവും നൽകുന്ന 'ഫലശ്രീ' പദ്ധതി നടപ്പിലാക്കി ;

(ബി) ഈ സാമ്പത്തിക വർഷം എത്ര പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഒരു വീട്ടിൽ ഒരു മാവ് പദ്ധതി**

4643 **ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു വീട്ടിൽ ഒരു മാവ് പദ്ധതി ഏതെങ്കിലും പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>കർഷകർക്ക് കിസാൻ പാസ് ബുക്ക്</u>**

**4644 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കർഷകർക്ക് കിസാൻ പാസ് ബുക്ക് നൽകുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ;**

(ബി) **ഏതെല്ലാം ജില്ലകളിലെ കർഷകർക്കാണ് കിസാൻ പാസ് ബുക്ക് നൽകാൻ ആരംഭിച്ചിരിക്കുന്നത്;**

(സി) **കിസാൻ പാസ് ബുക്ക് നിയമത്തിൻകീഴിലുള്ള ചട്ടങ്ങൾ രൂപീകരിച്ചുവോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;**

(ഡി) **കിസാൻ പാസ് ബുക്ക് നൽകുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി 2011-12-ലെ പുതുക്കിയ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; ഇതിൽ എത്ര രൂപാ ചെലവഴിച്ചുവെന്നറിയിക്കാമോ?**

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കർഷകർക്ക് ആത്മവിശ്വാസം നൽകുന്ന പദ്ധതികൾ**

4645 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കണക്കെണിയിൽ പെടാതിരിക്കാൻ കർഷകർക്ക് ആത്മവിശ്വാസം നൽകുന്ന എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കാര്‍ഷികവിളകളില്‍ കര്‍ഷകര്‍ക്ക്**
**മിനിമം വരുമാനം**

**4646 ശ്രീ. ചിറ്റയം ഗോപകുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാര്‍ഷിക വിളകളില്‍ നിന്നും കര്‍ഷകര്‍ക്ക് മിനിമം വരുമാനം ലഭ്യമാകുന്നു എന്നുറപ്പുവരുത്തുവാന്‍ പുതിയതായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത് ; എങ്കില്‍ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളെ പരിഗണിക്കുന്നതിനുളള മാനദണ്ഡം വ്യക്തമാക്കാമോ;

(സി) എത്ര തുകയാണ് അനുബന്ധ പദ്ധതിയ്ക്ക് പ്രതിവര്‍ഷം ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ തുക എങ്ങനെ കണ്ടെത്തുവാനാണ് ഇപ്പോള്‍ ഉദ്ദേശിച്ചിട്ടുളളത് ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

**4647 ശ്രീ. എ. എ. അസീസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് പുനഃസംഘടിപ്പിച്ചതെന്നും ആരൊക്കെയാണ് പുതിയ അംഗങ്ങളെന്നും വ്യക്തമാക്കുമോ ;

(സി) കമ്മീഷൻ അംഗങ്ങളിൽ കാർഷിക, കർഷക സംഘടനകളുമായി ബന്ധമുള്ളവർ (ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചിരുന്നവർ) ആരൊക്കെയാണ് എന്നും, ഏതൊക്കെയാണ് സംഘടനകൾ എന്നും വെളിപ്പെടുത്തുമോ ;

(ഡി) കാർഷിക, കർഷക സംഘടനകളുമായി ബന്ധമില്ലാത്ത ആരെയെങ്കിലും കാർഷിക കടാശ്വാസ കമ്മീഷൻ അംഗമായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണെന്നും, നിയമിക്കാനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ പദ്ധതി**

4648 ശ്രീ. എം. പി. വിൻസെന്റ്
,, എ. പി. അബ്ദുളളക്കുട്ടി
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുളള ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനുളള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഏതൊക്കെ കർഷകർക്കാണ് ആനുകൂല്യം ലഭിക്കുന്നത്;

(സി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കാലിവളർത്തൽ, ചെറുകിട കൃഷി എന്നിവയ്ക്ക് പ്രോത്സാഹനം**

4649 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, സി. മോയിൻകുട്ടി
,, പി. ഉബൈദുള്ള
,, വി.എം ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാലി വളർത്തൽ ഉപജീവനമാർഗ്ഗമായി കൂടുതൽ ആളുകൾ സ്വീകരിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഉപതൊഴിലെന്ന നിലയിൽ കാലിവളർത്തൽ നടത്തിയിരുന്നവർ അതിൽ നിന്നു പിൻമാറിക്കൊണ്ടിരിക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുമോ;

(ബി) ഗ്രാമങ്ങളിൽപ്പോലും, ജീവിതസൗകര്യങ്ങളുടെ ലഭ്യത വർദ്ധിച്ചു വരുന്നതിനനുസരിച്ച്, ഉപതൊഴിലുകൾ ഉപേക്ഷിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു മൂലം കാർഷിക മേഖലയിൽ കൃഷി ഭൂമികളുടെ ഫലപുഷ്ടി കുറയുന്നതു കൊണ്ട് ആ രംഗത്തും ഉൽപ്പാദനനഷ്ടം വരുന്നുണ്ടെന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഉപതൊഴിലായി ഇപ്പോഴും കാലി വളർത്തലിലും, ചെറുകിട കൃഷിയിലും തുടരുന്നവരെ അതിൽ പിടിച്ചു നിർത്തുന്നതിനും കൂടുതൽ പേരെ ആകർഷിക്കുന്നതിനും സഹായ പദ്ധതികൾ ആവിഷ്ക്കരിച്ച് കുറ്റമറ്റ രീതിയിൽ നടപ്പാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**നാദാപുരം മണ്ഡലത്തിൽ നിറവ് പദ്ധതി**

4650 **ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതിയ്ക്കുവേണ്ടി ഇതുവരെയായി ചെലവഴിച്ച തുക എത്ര ; മണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) നാദാപുരം മണ്ഡലത്തിൽ നിറവ് പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളിലായി ജീവനക്കാർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുവരെയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>"കാര്‍ഷിക കടാശ്വാസ കമ്മീഷന്" നാദാപുരം മണ്ഡലത്തില്‍ നിന്നും ലഭിച്ച അപേക്ഷകള്‍</u>**

**4651 ശ്രീ. ഇ. കെ. വിജയന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു
മന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അഞ്ചു വര്‍ഷത്തിനുള്ളില്‍ "കാര്‍ഷിക കടാശ്വാസ കമ്മീഷന്" നാദാപുരം മണ്ഡലത്തില്‍ നിന്നും എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ട്;

(ബി) ഇതില്‍ എത്ര അപേക്ഷകള്‍ തീര്‍പ്പാക്കിയെന്നും എത്ര രൂപയുടെ ആനുകൂല്യം ലഭിച്ചു എന്നും പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ

## 29.06.2012 -ലെ മറുപടിക്ക്

**<u>കാര്‍ഷിക ഉല്പന്നങ്ങളുടെ വിപണന കേന്ദ്രം</u>**

4652 **ശ്രീ. ജോസ് തെറ്റയില്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കാലടിയില്‍ കാര്‍ഷിക ഉത്പന്നങ്ങളുടെ വിപണന കേന്ദ്രവും മരച്ചീനി സംസ്കരണത്തിനുള്ള കേന്ദ്രവും തുറക്കുന്നതിനായി നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>കാർഷിക തൊഴിലുറപ്പ് പദ്ധതി</u>**

**4653** **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
'' **വി. ഡി. സതീശൻ**
'' **ലൂഡി ലൂയിസ്**
'' **എ. പി. അബ്ദുള്ളക്കുട്ടി**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) **കാർഷിക മേഖലയിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ;**

(ബി) **ഏതൊക്കെ മേഖലയിലാണ് പദ്ധതി ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നത് ;**

(സി) **ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നുണ്ട് ?**

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### <u>നബാർഡ് ഫണ്ട് ഉപയോഗിച്ച് നൽകുന്ന</u>
### <u>കാർഷിക വായ്പകൾ</u>

4654 ശ്രീ. വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നബാർഡ് ഫണ്ട് ഉപയോഗിച്ച് നൽകുന്ന കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പലിശയിനം സർക്കാരിന്റെ വിഹിതമായി കണക്കാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതുമൂലം എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് സബ്സിഡിയായി ലഭിക്കുന്നത് ;

(ഡി) ഇതിന് എന്ന് മുതൽ പ്രാബല്യമുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>പലിശരഹിത കാർഷിക വായ്പ</u>

4655 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കർഷകർക്ക് പലിശരഹിത കാർഷിക വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) പരമാവധി എത്ര തുകയാണ് ഈ ഇനത്തിൽ വായ്പ നൽകുന്നത്;

(സി) കാർഷിക കടാശ്വാസ കമ്മീഷൻ പരിഗണിച്ച ആകെ പരാതികൾ എത്ര ; ഇതിൽ എത്ര പരാതികൾ തീർപ്പു കല്പിച്ചു; ഇതിൽ എത്ര പരാതികൾ തീർപ്പാക്കാനുണ്ട് ; വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>കർഷകന് കാർഷിക വായ്പ പരമാവധി ലഭ്യമാക്കുന്നതിന് നടപടി</u>**

**4656 ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് അഗ്രിക്കൾച്ചർ ഗോൾഡ് ലോൺ ബാങ്കുകൾ നൽകുന്നതിന് ഒരു കർഷകന് പരമാവധി തുക നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ പരമാവധി തുക കാനറാബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകൾ നിശ്ചയിച്ചിട്ടുളളത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പിതാവിന്റെയോ, മാതാവിന്റെയോ പേരിലുളള വസ്തുവിൽ കർഷകൻ കൃഷി ചെയ്യുകയാണെങ്കിൽ കാനറാ ബാങ്ക് കർഷകന് 50,000 രൂപ മാത്രമായി അഗ്രിക്കൾച്ചർ ഗോൾഡ് ലോൺ നൽകുന്ന സമീപനം മാറ്റി 3 ലക്ഷം രൂപയെങ്കിലും ലോൺ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കാനറാ ബാങ്കിൽ നിന്നും കർഷകന് അഗ്രിക്കൾച്ചർ ഗോൾഡ് ലോൺ ലഭ്യമാക്കുന്നതിന് കർഷകൻ എന്തൊക്കെ രേഖകൾ സമർപ്പിക്കണമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**രാസവളങ്ങൾക്ക് വിലവർദ്ധന**

**4657 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കാർഷിക വിരുദ്ധ നയങ്ങൾ മൂലം ഭീമമായ തോതിൽ രാസവളങ്ങൾക്ക് വിലവർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ നെൽകൃഷിക്കാർക്ക് 50% സബ്സിഡി നൽകിക്കൊണ്ട് രാസവളങ്ങൾ സഹകരണ സംഘങ്ങളിലൂടെയും കൃഷി ഭവനുകളിലൂടെയും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ ഒരു കാർഷിക നയം രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>കാര്‍ഷിക വിളകള്‍ക്ക് ആവശ്യമായ രാസവളങ്ങള്‍</u>**

**4658 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാര്‍ഷിക വിളകള്‍ക്ക് ആവശ്യമായ രാസവളങ്ങള്‍ക്ക് കൃത്രിമക്ഷാമം നേരിടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കര്‍ഷകര്‍ക്ക് രാസവളങ്ങള്‍ യഥാസമയം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) യൂറിയ ഉള്‍പ്പെടെയുള്ള രാസവളങ്ങളില്‍ യഥാസമയം കര്‍ഷകര്‍ക്ക് ലഭ്യമാക്കാത്തത് കൃഷിയെ സാരമായി ബാധിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ഓരോ വർഷവും ആവശ്യമായ</u>
<u>പ്രധാന രാസവളങ്ങൾ</u>

4659

## ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും ആവശ്യമായ പ്രധാന രാസവളങ്ങളായ പൊട്ടാഷ്, യൂറിയ, ഫാക്ടംഫോസ് എന്നിവയുടെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ ഈ രാസവളങ്ങളുടെ വില ഇടയ്ക്കിടെ കൂട്ടുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>രാസവളങ്ങളുടെ വിലവര്‍ദ്ധന</u>

4660 ശ്രീ. പി. റ്റി. എ. റഹീം
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എം. ഹംസ
,, സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാര്‍ ഏറ്റവും കൂടുതല്‍ ആശ്രയിക്കുന്ന എല്ലാ രാസവളങ്ങള്‍ക്കും വീണ്ടും കുത്തനെ വില കൂട്ടിയതായി സര്‍ക്കാരിനറിയാമോ;

(ബി) എഫ്.എ.സി.ടി വില്‍ക്കുന്ന പൊട്ടാഷിന് ചാക്ക് ഒന്നിന് എത്ര വില ഇപ്പോള്‍ കൂട്ടിയിട്ടുണ്ട്; മറ്റ് വളങ്ങളുടെ കഴിഞ്ഞ മൂന്ന് വര്‍ഷം മുന്‍പുണ്ടായിരുന്ന വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച് വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) യൂറിയ വളം കൃഷിക്കാരന് ആവശ്യത്തിന് എവിടെയും കിട്ടാനില്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>അടയ്ക്ക വിലയിടിവ്</u>**

**4661 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ സംസ്ഥാനത്ത് അടയ്ക്കയുടെ വില എത്രയായിരുന്നു;

(ബി) ഇപ്പോൾ വിപണിയിൽ എത്രയാണ് വില;

(സി) ഇത്തരത്തിൽ വിലയിടിവ് വരാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

4662 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടയ്ക്കാ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടയ്ക്കയുടെ വിലയിടിവ് മൂലം കർഷകർ അനുഭവിക്കുന്ന ഭീമമായ നഷ്ടം പരിഹരിച്ചുനൽകാൻ ഒരു പാക്കേജിന് രൂപം നൽകുമോ;

(സി) കർഷകരുടെ കടബാദ്ധ്യതയുടെ പലിശയ്ക്ക് ഇളവു നൽകുകയും, ലോൺ തുക തിരിച്ചടയ്ക്കുന്നതിന് മോറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യുമോ;

(ഡി) അടയ്ക്കാ മരങ്ങൾക്കുള്ള കീടബാധ നിയന്ത്രിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>ജാതി കര്‍ഷകര്‍</u>**

**4663 ശ്രീ. ജോസ് തെറ്റയില്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ജാതി കര്‍ഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് ;

(ബി) എങ്കില്‍ ഇതു സംബന്ധിച്ച വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**തേനീച്ച കർഷകർ**

**4664 ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തേനീച്ച കർഷകരെ സഹായിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത് ;

(ബി) തേൻ വിപണനവും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും വേണ്ടി ഹണി മിഷൻ സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ എവിടെ വരെയായി എന്ന് അറിയിക്കുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>കൃഷിവകുപ്പിന്റെ ഫാമുകൾ</u>**

**4665 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ കീഴിൽ എത്ര ഫാമുകൾ ഉണ്ട്; ഓരോന്നിന്റെയും വിസ്തീർണ്ണം എത്ര ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ ഫാമുകളുടെ സ്ഥലം സ്വകാര്യ വ്യക്തികൾ കൈയ്യേറിയിട്ടുണ്ടോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ**

**4666 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് സർക്കാർ എതെങ്കിലും സമിതിയെ നിയോഗിച്ചിരുന്നുവോ ; എങ്കിൽ എന്നാണ് നിയോഗിച്ചതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ ; എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സമിതിയുടെ റിപ്പോർട്ടിൽ എന്തെല്ലാം ശുപാർശകളാണ് ഉള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ഇവയിൽ ഏതെല്ലാം ശുപാർശകൾ ഇതിനകം നടപ്പിലാക്കിയെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കാർഷിക മേഖലയിൽ ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതികൾ**

4667 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് നിലവിൽ കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ എന്തൊക്കെ മുൻഗണനകളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിൽ അംഗമായിരിക്കെ, തെരഞ്ഞെടുത്ത തൊഴിലിൽ വ്യാപൃതരായ സമയത്ത് അപകടവും അംഗവൈകല്യവും സംഭവിച്ചതിനുള്ള ആനുകൂല്യങ്ങൾക്കായി അപേക്ഷ നൽകിയിട്ടുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ ആനുകൂല്യം ലഭിക്കാത്ത അപേക്ഷകർ എത്ര എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി**

**4668**

**ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**സംസ്ഥാനത്ത് ചെറുകിട നാമമാത്ര കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ?**

# കേരള നിയമസഭ
# 29.06.2012 -ലെ മറുപടിക്ക്

**<u>ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പകൾ</u>**

**4669 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

ആത്മഹത്യ ചെയ്ത കർഷകരുടെ വായ്പകൾ എഴുതിത്തള്ളിയ വകയിൽ കേരളത്തിലാകെ എത്ര രൂപ ചെലവായിട്ടുണ്ടെന്നും അതിൽ എത്ര കർഷക കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കടക്കെണിമൂലം കർഷകരുടെ ആത്മഹത്യ**

4670 ശ്രീ. എളമരം കരീം
'' എസ്. ശർമ്മ
'' പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്കാരുടെ സ്ഥിതി വീണ്ടും വളരെ പരിതാപകരമായിരിക്കുന്നതും കടക്കെണിമൂലം കർഷകരുടെ ആത്മഹത്യ വർദ്ധിച്ചുകൊണ്ടിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷക ആത്മഹത്യ തടയുന്നതിന് കാർഷിക രംഗത്ത് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഇടുക്കി പാക്കേജിന്റെ പുരോഗതി**

4671 ശ്രീ. മോൻസ് ജോസഫ്
'' തോമസ് ഉണ്ണിയാടൻ
'' സി. എഫ്. തോമസ്
'' റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിന്റെ പുരോഗതി എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഇടുക്കി പാക്കേജ് സുതാര്യവും സമയബന്ധിതമായും നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>അടുക്കളകൃഷി</u>

4672 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മഴക്കാലത്ത് സാധ്യമായ കൃഷിക്ക് പ്രത്യേക സഹായങ്ങളോ, മാര്‍ഗ്ഗനിര്‍ദ്ദേശങ്ങളോ കൃഷിവകുപ്പ് പ്രത്യേകം നല്‍കാറുണ്ടോ ;

(ബി) വീടുകളുമായി ബന്ധപ്പെട്ട് അടുക്കളകൃഷിക്കാവശ്യമായ വിത്തും, വളങ്ങളും സൗജന്യമായി ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുന്നത് പരിഗണിക്കുമോ ;

(സി) നെല്‍കൃഷി ഈ കാലത്ത് പ്രോത്സാഹിപ്പിക്കാന്‍ പ്രത്യേക പരിപാടികള്‍ ആലോചനയിലുണ്ടോ ; നടപ്പിലാക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിലുള്ള ഹോർട്ടികോർപ്പ്**

**4673 ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിലുള്ള ഹോർട്ടികോർപ്പിന്റെ സ്ഥാപനത്തിൽ ആവശ്യമായ മെഷീനുകൾ ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള പണം ഹോർട്ടികോർപ്പിനുണ്ടോ; വാങ്ങുന്നതിനുളള നടപടികൾ സ്വീകരിക്കുമോ?

(ബി) സർക്കാർ നെൽകൃഷിക്കുള്ള പമ്പിംഗ് സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ടോ; നിലവിൽ എത്രയാണ് തുക; ഇത്തവണത്തെ തുക മാവേലിക്കര മണ്ഡലത്തിൽ വിതരണം ചെയ്തോ; തുക എത്രയാണ്; എത്ര ഏക്കറിനുള്ള തുക വിതരണം ചെയ്തു;

(സി) പൂട്ടുകൂലി, വളം, വിത്ത് എന്നിവ കൊടുത്തതിന് ആനുപാതികമായി പമ്പിംഗ് സബ്സിഡി കൊടുത്തോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) എത്ര ഏക്കറിലേക്കുള്ള പൂട്ടുകൂലി, വിത്ത്, വളം എന്നിവയാണ് മാവേലിക്കര മണ്ഡലത്തിലെ കൃഷി ആഫീസ് വഴി കൊടുത്തത്;

(ഇ) ഇത്രയും ഏക്കറിൽ കൃഷി നടന്നിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഇത്രയും സ്ഥലത്ത് കൃഷി നടത്തുന്നതിലേക്കായി മാവേലിക്കര മണ്ഡലത്തിലെ കൃഷി ആഫീസർമാർ ഇടപെടുന്നുണ്ടോ; സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(എഫ്) പമ്പിംഗ് സബ്സിഡി കുട്ടനാട്ടിലും ഓണാട്ടുകരയിലും വ്യത്യസ്തമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഓണാട്ടുകരയിലേത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>ഉപയോഗശൂന്യമായ വാഹനങ്ങൾ</u>**

**4674 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ ഉപയോഗശൂന്യമായ എത്ര വാഹനങ്ങൾ ഉണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇത്തരം വാഹനങ്ങൾ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി</u>

4675 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ നെൽകൃഷി ചെയ്യുന്ന ആകെ സ്ഥലത്തിന്റെ വിസ്തൃതിയും കഴിഞ്ഞ 15 വർഷങ്ങളിലെ ഓരോ വർഷത്തെയും വിസ്തൃതിയും വ്യക്തമാക്കുമോ;

(ബി) നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി ഇത്തരത്തിൽ കുറയുന്നതു മൂലമുണ്ടാകുന്ന പ്രതിസന്ധിക്ക് പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ നിരോധനമുണ്ടായിട്ടും കൃഷിസ്ഥലങ്ങൾ മണ്ണിട്ടു നികത്തുകയും ഇത് പിന്നീട് കാർഷികേതര ഭൂമിയായി മാറ്റുകയും ചെയ്യുന്ന നടപടിക്കെതിരെ നിയമപരമായി എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, യന്ത്രവൽകൃത കൃഷിരീതി വ്യാപകമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിൽ നെൽകൃഷി**

**4676** **ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കോഴിക്കോട് ജില്ലയിൽ പുതുതായി നെൽകൃഷി ചെയ്യാൻ സാധിക്കുന്ന കൃഷിയിടങ്ങളുടെ കണക്ക് സർക്കാർ ശേഖരിച്ചിട്ടുണ്ടോ;**

(ബി) **ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>നെല്ലിന്റെ സംഭരണ വില വര്‍ദ്ധിപ്പിക്കുവാന്‍ നടപടി</u>

4677 **ശ്രീ. പി. തിലോത്തമന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം നെല്ലിന്റെ സംഭരണ വിലവര്‍ദ്ധിപ്പിച്ചിട്ടുണ്ടോ എന്നു പറയാമോ; നിലവില്‍ ക്വിന്റലിന് എത്ര രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത് എന്നു വ്യക്തമാക്കാമോ;

(ബി) നെല്‍കര്‍ഷകന് കൃഷിയിനത്തില്‍ ചെലവാകുന്ന തുകയുടെ അടിസ്ഥാനത്തില്‍ കൂടിയാണോസംഭരണ വില നിശ്ചയിച്ചിട്ടുളളത് എന്നു പറയാമോ ; ഈ സര്‍ക്കാര്‍ വന്നതിനുശേഷം കര്‍ഷക തൊഴിലാളികളുടെ കൂലി, കൊയ്ത്ത് കൂലി, മെതി കൂലി, യന്ത്രവാടക, ചുമട്ടു കൂലി എന്നിവ കാര്‍ഷിക മേഖലയില്‍ വര്‍ദ്ധിച്ചിട്ടുണ്ടോ എന്നു പറയാമോ ; ഓരോന്നും എത്ര തുക വര്‍ദ്ധിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) മേല്‍പറഞ്ഞ ഇനങ്ങളിലെ ചെലവിന്റെ അടിസ്ഥാനത്തിലും നെല്‍കര്‍ഷകരുടെ അധ്വാനത്തിന്റെയും മുതല്‍ മുടക്കിന്റെയും അടിസ്ഥാനത്തിലും നിലവില്‍ നല്‍കുന്ന സംഭരണ വില നെല്‍കര്‍ഷകരെ ഈ മേഖലയില്‍ നിലനിര്‍ത്താന്‍ ഉതകുന്നതാണോ എന്നു പറയാമോ; സംഭരണ വില വര്‍ദ്ധിപ്പിക്കുവാന്‍ നടപടി കൈക്കൊളളുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**നെൽകൃഷിക്ക് ഉൽപ്പാദന ബോണസ്സ്**

**4678 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്ക് ഹെക്ടറിന് ഉൽപ്പാദന ബോണസ്സായി ഇപ്പോൾ എത്ര രൂപയാണ് നൽകിവരുന്നത് ; ആയത് വർദ്ധിപ്പിച്ച് നൽകുന്നതിനായി നടപടി സ്വീകരിക്കുമോ ;

(ബി) നെൽകൃഷിക്കാർക്ക് ഉൽപ്പാദന ബോണസ്സായി ഹെക്ടർ ഒന്നിന് 1000 രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**<u>നെല്‍കര്‍ഷകര്‍ക്ക് സൗജന്യമായി വൈദ്യുതി</u>**

**4679 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നെല്‍കര്‍ഷകര്‍ക്ക് ഭൂപരിധിയില്ലാതെയും, കരകൃഷിയ്ക്ക് 2 ഹെക്ടര്‍ വരെയും സൗജന്യമായി വൈദ്യുതി നല്‍കുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) 2006-2011 കാലഘട്ടത്തില്‍ എത്ര രൂപയാണ് ഈ ഇനത്തില്‍ സര്‍ക്കാര്‍ കര്‍ഷകര്‍ക്ക് സൗജന്യം അനുവദിച്ചത്; ജില്ലാടിസ്ഥാനത്തില്‍ വാര്‍ഷിക കണക്ക് പ്രസിദ്ധീകരിക്കാമോ ;

(സി) 2011 ജൂണ്‍ 1 മുതല്‍ 2012 മെയ് മാസം 31 വരെ എത്ര തുക ഈ ഇനത്തില്‍ സര്‍ക്കാര്‍ സബ്സിഡി നല്‍കുകയുണ്ടായി;

(ഡി) 2011-12 വര്‍ഷത്തില്‍ നല്‍കാനുളള സബ്സിഡി സംഖ്യ മുഴുവന്‍ നല്‍കുകയുണ്ടായോ ; കുടിശ്ശിക സംബന്ധിച്ച വിവരം നല്‍കാമോ;

(ഇ) കര്‍ഷകര്‍ക്ക് വൈദ്യുതി സൗജന്യമായി നല്‍കുന്നതിനായി ഈ വര്‍ഷത്തെ ബജറ്റില്‍ എത്ര തുക വകയിരുത്തി ; പ്രസ്തുത തുക പര്യാപ്തമാണോ ; അല്ലെങ്കില്‍ വര്‍ദ്ധിപ്പിക്കാമോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കരിനിലവികസന ഏജൻസികളുടെ പ്രവർത്തനം**

**4680 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുറക്കാട്, തകഴി കരിനിലമേഖലകളിൽ എന്തെല്ലാം വികസന-ഉൽപ്പാദന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്ന് അറിയിക്കുമോ;

(ബി) കരിനില കൃഷിക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; കരിനില കൃഷി അഭിവൃദ്ധിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കരിനില വികസന ഏജൻസികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>നെല്‍കര്‍ഷകര്‍ക്ക് ഉല്പാദന ബോണസ്സ്</u>**

4681 **ശ്രീ. പുരുഷന്‍ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നെല്‍കര്‍ഷകര്‍ക്ക് ഉല്പാദന ബോണസ് നല്‍കുന്നതിന് ഇപ്പോള്‍ പദ്ധതിയുണ്ടോ; ഉണ്ടെങ്കില്‍ ഹെക്ടറൊന്നിന് നല്‍കാനുദ്ദേശിക്കുന്ന തുക എത്രയാണ്;

(ബി) പ്രസ്തുത നിരക്ക് മറ്റ് സ്ഥാപനങ്ങളെ അപേക്ഷിച്ച് വളരെ താഴ്ന്ന താണെന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഈ നിരക്ക് വര്‍ദ്ധിപ്പിക്കാന്‍ തയ്യാറാവുമോ;

(ഡി) ഈ വര്‍ഷം ഉല്‍പ്പാദനബോണസായി വിതരണം ചെയ്യുന്നതിന് എത്ര തുക നീക്കിവെച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**നെൽകൃഷിക്കുള്ള വിവിധ സബ്സിഡികൾ**

4682 **ശ്രീമതി കെ. എസ്. സലീഖ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കുള്ള വിവിധ സബ്സിഡികൾ കർഷകർക്ക് നേരിട്ട് നൽകാൻ തീരുമാനിച്ചുവോ; എങ്കിൽ ആയത് എന്നുമുതൽ നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഉത്പാദനോപാധികൾ വാങ്ങാനുള്ള സബ്സിഡി നിലവിൽ എത്ര രൂപയായിരുന്നു; ആയത് കൂട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ കൂട്ടാനാണ് ഉദ്ദേശിക്കുന്ന്; വ്യക്തമാക്കുമോ;

(സി) പാടശേഖരസമിതി സെക്രട്ടറിമാർ വ്യാപകമായി രാസവളങ്ങളും മറ്റും മറിച്ച് വിൽക്കുകയും യഥാർത്ഥ കർഷകർക്ക് ഇവ കിട്ടാതെ വരുകയും ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) രാസവളത്തിന്റെ പെർമിറ്റ് കർഷകർക്ക് നൽകുന്ന രീതി അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നിലവിൽ ഒരു ഹെക്ടർ നെൽകൃഷി ചെയ്യുന്നതിനുള്ള സബ്സിഡി എത്ര രൂപയായിരുന്നു; ആയത് ഇപ്പോൾ കൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്തൊട്ടാകെ എത്ര ഹെക്ടറിലാണ് ഓരോ വിളയ്ക്കും നെൽകൃഷിയിറക്കുന്നത്; കേരളത്തിന് ആവശ്യമായ അരിയുടെ എത്ര ശതമാനം ഇതിലൂടെ ലഭിക്കുമെന്ന് കരുതുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കരനെൽകൃഷി**

**4683** **ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ എന്തെങ്കിലും ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) ഈ വർഷം പുതുതായി എത്ര ഹെക്ടർ സ്ഥലത്താണ് കരനെൽകൃഷി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ?

# കേരള നിയമസഭ

## 29.06.2012 -ലെ മറുപടിക്ക്

**തരിശുനിലങ്ങൾ നെൽകൃഷിക്കുപയുക്തമാക്കാൻ നടപടി**

**4684 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തരിശുനിലങ്ങൾ നെൽകൃഷിക്കു പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം എത്ര ഹെക്ടർ തരിശുനിലങ്ങളാണ് നെൽകൃഷിക്കുപയുക്തമാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>തരിശ് നെൽപ്പാടം കൃഷിക്ക് ഉപയുക്തമാക്കുന്നതിനായുള്ള പ്രോജക്ടുകൾ</u>

4685 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജക മണ്ഡലത്തിലെ തലക്കളത്തൂർ, ചേളന്നൂർ എന്നീ പഞ്ചായത്തുകളിൽ തരിശായി കിടക്കുന്ന നെൽപ്പാടം കൃഷിക്ക് ഉപയുക്തമാക്കുന്നതിനായുള്ള എന്തെങ്കിലും പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള വിശദവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് ജില്ലയിലെ പുഞ്ച കൃഷി**

4686 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജലസേചന പദ്ധതി വർദ്ധിപ്പിച്ചാൽ ഇപ്പോൾ ചെയ്യുന്ന നെൽകൃഷിക്ക് പുറമേ പുഞ്ച കൃഷി കൂടി നടത്തുന്നതിനുള്ള സൗകര്യമുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ജലസേചന വകുപ്പുമായി ആലോചിച്ച് കാർഷികാവശ്യത്തിന് ജലം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>കൊച്ചി - മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ മൂലമുള്ള കൃഷിസ്ഥല നഷ്ടം</u>**

**4687 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് മൂലം കാസർഗോഡ് ജില്ലയിൽ എത്ര കൃഷിഭൂമി നഷ്ടപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ നെൽ വയലുകൾ എത്രയെന്ന് അറിയിക്കാമോ;

(സി) ഇത്തരം പദ്ധതികൾക്ക് വേണ്ടി കൃഷി സ്ഥലം ഏറ്റെടുക്കുന്നത് ഒഴിവാക്കുവാൻ കൃഷിവകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കിലോയ്ക്ക് 10 രൂപ നിരക്കിൽ തറവില നിശ്ചയിച്ച് നാളികേരം സംഭരിക്കാൻ നടപടി**

**4688 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നാളികേര കർഷകരുടെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നാളികേരത്തിന് നിലവിൽ സംഭരണ വിലയായി ലഭിക്കുന്നത് 2.50 രൂപയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ കേരളത്തിലെ നാളികേര കർഷകരെ സഹായിക്കുന്നതിനായി നാഫെഡ്, കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികളുടെ സഹകരണത്തോടെ ക്രിയാത്മകമായി ഈ പ്രശ്നം പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ;

(സി) കിലോയ്ക്ക് 10 രൂപ നിരക്കിൽ തറവില നിശ്ചയിച്ച് നാളികേരം സംഭരിയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കേര കർഷകർക്ക് വെളിച്ചെണ്ണയ്ക്ക് ന്യായമായ വില**

4689 **ശ്രീ. സാജു പോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേര കർഷകരെ ദുരിതത്തിലാഴ്ത്തിക്കൊണ്ട് പൊതു വിപണിയിൽ വെളിച്ചെണ്ണ വിലയിൽ ഉണ്ടായിട്ടുള്ള വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിലയിടിവ് പിടിച്ചുനിർത്താനും നാളികേര കർഷകർക്ക് ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) വെളിച്ചെണ്ണയുടെ ഉപയോഗം ആഗോളതലത്തിൽ വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ ?

**കേരള നിയമസഭ**

**29.06.2012 -ലെ മറുപടിക്ക്**

**<u>കേരകൃഷി പ്രോത്സാഹനം</u>**

4690 ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരകൃഷി പിന്നോക്കം പോകുന്നത് തടയാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം, പ്രചരണം എന്നിവ വിപുലമാക്കുന്നതിനുളള നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടോ ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഇളനീരിന്റെ ഗുണവശങ്ങൾ**

4691

### ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇളനീരിന്റെ ഗുണവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇളനീർ ഉല്പാദനത്തിനും, വിപണനത്തിനും കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**നാളികേര വികസന ബോർഡിന്റെ കീഴിൽ ക്ലസ്റ്ററുകൾ**

**4692 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന ബോർഡിന്റെ കീഴിൽ കേരളത്തിൽ എത്ര ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട് ;

(ബി) ഇത്തരം ക്ലസ്റ്ററുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടോ ;

(സി) പ്രാദേശിക തലങ്ങളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>കേരഫെഡ് , മാർക്കറ്റ്ഫെഡ് ഏജൻസികൾ</u>**

**4693**

**ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരഫെഡ്, മാർക്കറ്റ്ഫെഡ് ഏജൻസികൾ മുഖേന എത്ര ക്വിന്റൽ കൊപ്ര സംഭരണം നടത്തിയിട്ടുണ്ട്;

(ബി) കേരഫെഡിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) കോഴിക്കോട് ജില്ലയിൽ എത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ക്വിന്റൽ കൊപ്ര സംഭരണം നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>കൊപ്ര സംഭരണത്തിന് നടപടി</u>

4694

ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊപ്രാ സംഭരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) കൊപ്രയുടെ താങ്ങുവില 51 രൂപയായി നിജപ്പെടുത്തിയിട്ടും കൊപ്ര സംഭരണം മന്ദഗതിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കൊപ്ര സംഭരണം മന്ദഗതിയിലായതിന്റെ കാരണങ്ങളും പരിഹാരനടപടികളും എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**വെളിച്ചെണ്ണയുടെ വില ഗണ്യമായി കുറയൽ**

4695 **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും
സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വെളിച്ചെണ്ണയുടെ വില ഗണ്യമായി കുറഞ്ഞതു മൂലം നാളികേര കർഷകർ കടുത്ത പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിന്റെ മുഖ്യ കാർഷിക വിളയായ നാളികേരത്തിനും, വെളിച്ചെണ്ണയ്ക്കും ന്യായമായ വില ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ന്യായമായ വിലക്ക് കൊപ്ര സംഭരിക്കുവാനുള്ള നടപടികൾ ഊർജ്ജിതമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ഗ്രേഡ് അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷ**

4696 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശ്രീ. കെ. എൻ. രാജൻ (റിട്ടയേർഡ് കൃഷി ഓഫീസർ), ശ്രീവത്സം, വടക്കുംപുറം, വളാഞ്ചേരി എന്ന ആളിൽ നിന്നും 23 വർഷത്തെ ഗ്രേഡ് അനുവദിച്ചുകിട്ടുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേലുള്ള നടപടി ഏതുവരെയായി എന്നു വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ**

**4697 ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിൽ കൃഷി വകുപ്പിനു കീഴിൽ കൃഷി അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകളാണ് നിലവിലുളളത് ; ജില്ലതിരിച്ച് വിശദമാക്കുമോ;**

(ബി) **കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ മൂലം പദ്ധതികൾ നടപ്പിലാക്കുന്നതിൽ വരുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;**

(സി) **പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ട് ചെയ്ത തീയതി, ഒഴിവുകളുടെ എണ്ണം എന്നിവ വിശദമാക്കാമോ;**

(ഡി) **ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ ?**

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക

4698 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ തസ്തിക പുന:സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; ഈ വിഷയത്തിൽ നിലപാട് അറിയിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പൊതുസ്ഥലംമാറ്റ ഉത്തരവ്**

**4699 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ കൃഷി അസിസ്റ്റന്റുമാരുടെയും കൃഷി ഓഫീസർമാരുടെയും 2012 വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവ് എന്നാണ് ഇറങ്ങിയത്; ആയതിന്റെ ഉത്തരവ് നമ്പരുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പൊതുസ്ഥലംമാറ്റ ഉത്തരവാണോ പൊതുജന താൽപ്പര്യാർത്ഥമുള്ളതാണോ, ഭരണപരമായ സൗകര്യത്തിനു വേണ്ടിയുള്ളതാണോ ഇവയിൽ ഏതൊക്കെ വിഭാഗത്തിൽപെട്ടിട്ടുള്ളതാണെന്ന് വ്യക്തമാക്കുമോ;

(സി) ഒരു ജില്ലയിൽ എത്ര വർഷം സേവനം പൂർത്തീകരിച്ച ജീവനക്കാരാണ് പൊതുസ്ഥലം മാറ്റത്തിന് അർഹരായവർ എന്ന് വ്യക്തമാക്കുമോ; ഈ മാനദണ്ഡത്തിന് വിരുദ്ധമായി ആർക്കെങ്കിലും സ്ഥലം മാറ്റം ലഭിച്ചിട്ടുണ്ടോ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു ജില്ലയിൽ അനുഷ്ഠിച്ച സേവനം ആ ജില്ലയിലെ സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റി ആയി പരിഗണിക്കുമോ; എങ്കിൽ ആയതിന് ആധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ലിസ്റ്റ് പ്രകാരം മെഡിക്കൽ ഗ്രൗണ്ടിൽ സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>മൊബൈൽ മണ്ണ് പരിശോധന ലബോറട്ടറി</u>**

**4700 ശ്രീ. എം. പി. വിൻസെന്റ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് ശാസ്ത്രീയ കൃഷി നടപ്പിലാക്കുന്നതിന് മൊബൈൽ മണ്ണ് പരിശോധനാ ലബോറട്ടറിയുടെ സേവനം കൂടുതൽ വ്യാപിപ്പിക്കുമോ;

(ബി) വിളകൾക്ക് കൂടുതൽ ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തുന്ന ഒരു പദ്ധതി നടപ്പിലാക്കുമോ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ</u>**
**<u>വൈപ്പിനിലെ പ്രവൃത്തികൾ</u>**

4701 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പു വർഷം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ആധുനിക രീതിയിലുള്ള സംഭരണശാലകൾ**

**4702 ശ്രീ. ബെന്നി ബെഹനാൻ**
**,, ഹൈബി ഈഡൻ**
**,, സണ്ണി ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് ആധുനിക രീതിയിലുള്ള സംഭരണശാലകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;**

(ബി) **ഇത്തരം സംഭരണശാലകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;**

(സി) **കേന്ദ്ര ഗവൺമെന്റിന്റെ ഈ പദ്ധതി സംസ്ഥാനം എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ?**

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### <u>സംരഭകത്വ വികസന പദ്ധതി</u>

4703 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന സംരഭകത്വ വികസന പദ്ധതി വഴി എന്തെല്ലാം കാര്യങ്ങൾ ആണ് ലക്ഷ്യമിടുന്നത്;

(ബി) സംരഭകത്വ വികസന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി കർഷകരിലെത്തിക്കുവാനായി നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം എത്ര കർഷകർക്ക് ഗുണം ലഭിച്ചു; വിശദാംശം നൽകാമോ;

(ഇ) പ്രസ്തുത പദ്ധതി കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(എഫ്) പ്രസ്തുത പദ്ധതിക്കായി 2012-13 വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര; അത് പര്യാപ്തമാണോ; അല്ലെങ്കിൽ വർദ്ധിപ്പിക്കുമോ; എത്രയെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ**

**4704 ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കുമോ;

(ബി) മൃഗാശുപത്രികൾ നവീകരിക്കുന്നതിനും ആവശ്യമായ മൃഗഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(സി) കൊയിലാണ്ടി മൃഗാശുപത്രിയ്ക്ക് വേണ്ടത്ര ഭൗതിക സൗകര്യമില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) കൊയിലാണ്ടി മൃഗാശുപത്രിയ്ക്ക് പുതിയ കെട്ടിടവും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കെപ്കോ**

4705

**ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കെപ്കോ എന്ന സ്ഥാപനം ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ കെപ്കോയുടെ റീട്ടെയിൽ ഷോപ്പ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ ഇത് എവിടെയെല്ലാമാണ് തുടങ്ങാൻ ആലോചിക്കുന്നത്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>ആട് വളർത്തൽ</u>**

**4706 ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആട് വളർത്തൽ ഗണ്യമായ രീതിയിൽ കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആട് വളർത്തലിൽ നിന്നും ജനങ്ങൾ പിൻമാറുന്നതിന്റെ കാരണം എന്തെന്ന് പഠിക്കാൻ മൃഗസംരക്ഷണവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആട്ടിൻ പാലിന്റെ ഗുണമേന്മയെക്കുറിച്ച് ജനങ്ങളിൽ കൂടുതൽ അവബോധം വരുത്താനുള്ള നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് തയ്യാറാകുമോ;

(ഡി) സംസ്ഥാനത്ത് ആടുകളുടെ എണ്ണത്തെ സംബന്ധിച്ച് വകുപ്പിനുള്ള കണക്ക് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**വടകര പശു**

4707 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വടകര പശുസംരക്ഷണത്തിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) വടകര പശുസംരക്ഷിക്കുന്നവർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം സർക്കാർ അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇത് നൽകുന്നതിന് സർക്കാർ തയ്യാറാവുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**<u>2012 വർഷത്തിലെ സർക്കാർ ഡയറി, എക്സിക്യൂട്ടീവ് ഡയറി, കലണ്ടർ, ബോർഡ് കലണ്ടർ, ദിനസ്മരണ എന്നിവയുടെ വിൽപന</u>**

**4708 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 വർഷത്തിൽ സർക്കാർ ഡയറി, എക്സിക്യൂട്ടീവ് ഡയറി, കലണ്ടർ, ബോർഡ് കലണ്ടർ, ദിനസ്മരണ എന്നിവയുടെ വിൽപന എന്നു മുതലാണ് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്തത് എന്ന് വ്യക്തമാക്കുമോ;

(ബി) മേൽപറഞ്ഞ പ്രസിദ്ധീകരണങ്ങൾ ഏതൊക്കെ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ, സംഘടനകൾ, വ്യക്തികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർക്ക് ഏതൊക്കെ തീയതികളിൽ ഏതൊക്കെ മാനദണ്ഡങ്ങളിൽ, എത്രയെണ്ണം വീതം വിതരണം ചെയ്തു എന്നുള്ള എല്ലാ വിശദാംശങ്ങളും അടങ്ങിയ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**ഹോർമോൺ കുത്തിവച്ച ഇറച്ചിക്കോഴികൾ**

**4709** **ശ്രീ. ജോസ് തെറ്റയിൽ**
**,, മാത്യു. റ്റി. തോമസ്**
**,, സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹോർമോണുകൾ കുത്തിവച്ചിരിക്കുന്ന ഇറച്ചിക്കോഴികളെ ഉപയോഗിക്കുന്നവരിൽ ഉണ്ടാകുന്ന ശാരീരിക വ്യതിയാനങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തൊക്കെ വസ്തുതകളാണ് പഠനത്തിൽ വെളിപ്പെട്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) ഇറച്ചിക്കായി കൊണ്ടുവരുന്ന കോഴികളെ ഇത് സംബന്ധിച്ച പരിശോധനകൾക്ക് വിധേയമാക്കാറുണ്ടോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

4710 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കോർപ്പറേഷൻ ഇപ്പോൾ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട് ;

(സി) ഇവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**29.06.2012 -ലെ മറുപടിക്ക്**

**'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' പദ്ധതി**

4711

**ശ്രീ.എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' എന്ന പദ്ധതി ഏതെല്ലാം മണ്ഡലങ്ങളിൽ, ഏതെല്ലാം സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വിശദീകരിക്കാമോ;

(സി) കാസർഗോഡ് മണ്ഡലത്തിൽ എന്ന് പദ്ധതി നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭ
29.06.2012 -ലെ മറുപടിക്ക്

<u>കോഴി വളര്‍ത്തല്‍ ഗ്രാമങ്ങള്‍</u>

4712 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കോഴി വളര്‍ത്തല്‍ ഗ്രാമം പദ്ധതി സംബന്ധിച്ച് വിശദീകരിക്കാമോ ;

(ബി) എത്ര ഗ്രാമങ്ങളെ ഈ പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ട് ;

(സി) കാസര്‍കോട് ജില്ലയില്‍ ഏതെല്ലാം ഗ്രാമങ്ങളെയാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുളളത് ;

(ഡി) പദ്ധതിയില്‍ പുതുതായി ഗ്രാമങ്ങളെ ഉള്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**'വീട്ടമ്മയ്ക്ക് അരുമക്കോഴി', 'ഗ്രാമം നിറയെ കോഴിക്കുഞ്ഞ്' പദ്ധതികൾ**

**4713 ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'വീട്ടമ്മയ്ക്ക് അരുമക്കോഴി', 'ഗ്രാമം നിറയെ കോഴിക്കുഞ്ഞ്'' എന്നീ പദ്ധതികൾ സംബന്ധിച്ച് വിശദീകരിക്കാമോ ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ**

4714 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ പതിനഞ്ചും പതിനാറും വർഷത്തെ സേവനം കഴിഞ്ഞവരും സർവ്വീസിൽനിന്നും വിരമിക്കുവാൻ ഏതാനും മാസങ്ങൾമാത്രം അവശേഷിക്കുന്നവരുമായവർ ഗ്രേഡ്-I ആയിപോലും പ്രൊമോഷൻ കിട്ടാതെ കഴിയുന്നവരാണെന്നും ദീർഘകാലമായി ചർച്ചചെയ്യുന്ന സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റരീതിയിൽ പ്രസിദ്ധീകരിക്കാത്തതുമൂലമാണിത് സംഭവിക്കുന്നതെന്നുമുള്ള കാര്യം മനസ്സിലായിട്ടുണ്ടോ ;

(ബി) എന്തുകൊണ്ടാണ് ഈ പ്രശ്നം പരിഹരിക്കപ്പെടാതെ അർഹമായ ഒരു പ്രൊമോഷൻപോലും ലഭിക്കാതെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ വിരമിക്കേണ്ടിവരുന്നതെന്നും പറയാമോ ;

(സി) ഈ വിഷയം അടിയന്തിരമായി പരിഹരിച്ച് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് പ്രൊമോഷൻ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>വട്ടംകുളം വെറ്റിനറി ഡിസ്പൻസറി</u>

4715 **ഡോ. കെ.ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിൽപ്പെട്ട വട്ടംകുളം പഞ്ചായത്തിൽ ആളുകൾ അധികവും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൃഗസംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനായി മാത്രം വട്ടംകുളം പഞ്ചായത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കി അതിന്റെ ഗുണം ലഭ്യമായി തുടങ്ങിയത് വിലയിരുത്തിയിട്ടുണ്ടോ;

(സി) വട്ടംകുളം വെറ്റിനറി ഡിസ്പെൻസറിയിൽ ഒരു മാസം 900 മുതൽ 1000 വരെ ചികിത്സകളും 100 മുതൽ 120 വരെ കൃത്രിമ ബീജദാനവും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വട്ടംകുളം വെറ്റിനറി ഡിസ്പെൻസറിയെ വെറ്റിനറി ഹോസ്പിറ്റലായി ഉയർത്തുന്നതിനും വെറ്റിനറി സർജനു പകരം സീനിയർ വെറ്റിനറി സർജനെ നിയമിക്കുന്നതിനും വേണ്ട നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസലുകൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ അതിന്മേലുള്ള നടപടി ഏതുവരെയായി എന്നു വിശദമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>ജനപഥം</u>

4716

ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസിദ്ധീകരണമായ ജനപഥത്തിന്റെ 2012 ജൂൺ മാസത്തെ പതിപ്പ് വീണ്ടും പ്രസിദ്ധീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പുതിയ പതിപ്പിൽ ആദ്യം പ്രസിദ്ധീകരിച്ച പതിപ്പിൽ നിന്നും വരുത്തിയ വ്യത്യാസങ്ങൾ എന്തൊക്കെയാണ്;

(സി) പുതിയ പതിപ്പിന്റെ ഉളളടക്കത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ;

(ഡി) ജനപഥത്തിന്റെ ജൂൺ മാസത്തെ പതിപ്പ് വീണ്ടും അച്ചടിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കാമോ; ഇതുമൂലം എത്ര രൂപയാണ് അധികബാധ്യതയായത് എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**സർക്കാർ ഗസറ്റുകൾ എം.എൽ.എ മാർക്ക് മണ്ഡലത്തിൽ നൽകുന്നതിന് നടപടി**

4717 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗസറ്റുകൾ എം.എൽ.എ മാർക്ക് ഇപ്പോൾ നൽകി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് സ്ഥലത്താണ് നൽകിവരുന്നത്;

(സി) ഗസറ്റുകൾ എം.എൽ.എ മാർക്ക് മണ്ഡലത്തിലെ കേന്ദ്രങ്ങളിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**സർക്കാർ ഡയറി, കലണ്ടർ, ദിനസ്മരണ എന്നിവയുടെ വില്പന**

4718 **ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 വർഷത്തിൽ സർക്കാർ ഡയറി, എക്സിക്യൂട്ടീവ് ഡയറി, കലണ്ടർ, ബോർഡ് കലണ്ടർ, ദിനസ്മരണ എന്നിവ പൊതുവിപണിയിൽ വിറ്റതിന്റെ, വിറ്റുവരവ്, ഓരോ ഇനവും എത്ര എണ്ണംവീതമാണ് വിറ്റത് തുടങ്ങി ഇതു സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) മേൽപറഞ്ഞ പ്രസിദ്ധീകരണങ്ങൾ ഓരോന്നും എത്ര എണ്ണംവീതം പ്രസിദ്ധീകരിച്ചു എന്നും, സൗജന്യമായി വിതരണം ചെയ്തത് എത്ര, വിലയ്ക്ക് വിറ്റത് എത്ര, ഇപ്പോൾ ബാക്കിയുളളത് എത്ര എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>കാസർഗോഡ് ജില്ലയിൽ സർക്കാർ മേഖലയിൽ ഗവൺമെന്റ് പ്രസ്സ്</u>**

4719 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കാസർഗോഡ് ജില്ലയിൽ സർക്കാർ മേഖലയിൽ ഗവൺമെന്റ് പ്രസ്സ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;**

(ബി) **എങ്കിൽ ഇതിനാവശ്യായ സ്ഥലവും കെട്ടിടവും ലഭ്യമാക്കിയാൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ പ്രസ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?**

## കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

### <u>ഉമയനല്ലൂർ ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം</u>

4720 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഉമയനല്ലൂർ ഗവൺമെന്റ് പ്രസ്സ് ഉദ്ഘാടനം കഴിഞ്ഞ് രണ്ട് വർഷത്തിലധികമായിട്ടും പൂർണ്ണമായി പ്രവർത്തന സജ്ജമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പൂർണ്ണ പ്രവർത്തന സജ്ജമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഒരു പ്രസ്സിന്റെ പ്രഥമ സെക്ഷനായ ഡി. റ്റി. പി. (കമ്പോസിംഗ്), പ്രൂഫ് റീഡിംഗ്, പ്ലേറ്റ് മേക്കിംഗ് എന്നിവ ഇവിടെ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) കൊല്ലം ഗവൺമെന്റ് പ്രസ്സിലേക്ക് മറ്റ് ജില്ലാ പ്രസ്സുകളിൽ ജോലി നോക്കുന്ന ജീവനക്കാരിൽ നിന്നും സ്ഥലംമാറ്റത്തിനുവേണ്ടി അപേക്ഷ ക്ഷണിച്ചിരുന്നോ; എങ്കിൽ നിയമന നടപടികൾ ഏതു ഘട്ടത്തിലായി;

(ഡി) പ്രസ്തുത പ്രസ്സിന് ആവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിലേക്ക് നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ പ്രസ്സുകളിലെ ഓവര്‍ടൈം</u>

4721 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ പ്രസ്സുകളില്‍ ഓവര്‍ടൈം ജോലി ചെയ്ത വകയില്‍ എത്ര രൂപ വേതനം നല്‍കാനുണ്ട്;

(ബി) എന്ന് മുതലുള്ള കുടിശ്ശികയാണ് നല്‍കാനുള്ളത്;

(സി) ഏതെല്ലാം പ്രവൃത്തികള്‍ക്കാണ് ഓവര്‍ടൈം ജോലി ചെയ്യേണ്ടിവരുന്നത്?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് സർക്കാർ പ്രസ്സിൽ പുതിയ തസ്തികകൾ**

**4722 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ പ്രസ്സിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ചുള്ള 7565/എച്ച്3/2009 - നമ്പർ ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു വ്യക്തമാക്കുമോ;

(ബി) പുതിയ തസ്തികകൾ സൃഷ്ടിച്ചു കൊണ്ടുള്ള ഉത്തരവ് എന്നത്തേക്കു പുറത്തിറക്കാൻ ആണ് ഉദ്ദേശിക്കുന്നത്;

(സി) ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 29.06.2012 -ലെ മറുപടിക്ക്

**<u>അച്ചടി വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് ഭേദഗതി</u>**

4723 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ സാങ്കേതിക വിഭാഗം ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി എന്ന് നടപ്പിലാക്കും എന്നു വ്യക്തമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾ ഭേദഗതി പി.എസ്.സി അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതു നടപ്പിലാക്കാൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?